## വനം കാക്കുമോ വനാവകാശം

ഗോത്രജനതയ്ക്ക് വനത്തിന്റെ മേലുള്ള പരമ്പരാഗത അവകാശം ഉറപ്പുവരുത്തുന്നതിനുള്ള വനാവകാശ നിയമം (2006) വിപ്ലവാത്മകമായ ഒരു ചുവടുവയ്പ്പായാണ് വിലയിരുത്തപ്പെട്ടത്. 2006ൽ നിയമം നിലവിൽ വന്നിട്ടും 2009 ഏപ്രിൽ 30നാണ് കേരളത്തിൽ നിയമം നടപ്പിലാക്കാൻ മന്ത്രിസഭ തീരുമാനിക്കുന്നത്. രണ്ട് വർഷം പിന്നിടുമ്പോൾ വനാവകാശ നിയമ നിർവ്വഹണത്തിന്റെ കേരളത്തിലെ സ്ഥിതി എന്താണ്? **കേരളീയം ചർച്ച തുടരുന്നു....**

**വനാവകാശ നിയമത്തെ ആദിവാസികൾ എങ്ങനെ കാണുന്നു?**
**അവകാശങ്ങളെക്കുറിച്ച് അവർക്ക് എന്തറിയാം???**
**മലക്കപ്പാറ കാടർ ആദിവാസി ഊരുമൂപ്പൻ മൈലാമണി,**
**വനസംരക്ഷണ സമിതി പ്രസിഡന്റ് മോഹനൻ,**
**കാടർ കൺസർവേഷൻ ട്രസ്റ്റിലെ ശെന്തിൽ, സുധീർ, സുരേഷ് എന്നിവർ**
**കെ.എ. അമിതാബച്ചനുമായി സംസാരിക്കുന്നു**

# വാഴച്ചാൽ വനമേഖല കാടരുടെ പൊതുവനവിഭവ മേഖലയാക്കണം

**വനവകാശനിയമം 2006 എന്നതിനെകുറിച്ച് എന്നാണ് നിങ്ങൾ അറിയുന്നത്?**

**ഊരുമൂപ്പൻ:** ഏകദേശം 2008ലാണ്ന്ന് തോന്നുന്നു, ട്രൈബൽ ഡിപ്പാർട്ട്മെന്റ് ഒരു മീറ്റിംഗ് വിളിക്കുകയും ഞാനടക്കം (മൈലാമണി - ഊരുമൂപ്പൻ) മെമ്പർമാരായി വനാവകാശ കമ്മറ്റി മെമ്പർമാരെ തിരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ ഈ വർഷം വേഴാമ്പൽ ഫൗണ്ടേഷൻ, WWF ഉം പറയുമ്പോഴാണ് ഞങ്ങൾ അത് എന്തിനായിരുന്നു എന്നും വനാവകാശം നിയമം എന്താണെന്നും മനസ്സിലാക്കുന്നത്. വനാവകാശ മെമ്പർമാരായി തിരഞ്ഞെടുക്കപ്പെട്ടവരടക്കം ആർക്കും അതെന്തിനായിരുന്നെന്നോ, വനാവകാശ കമ്മറ്റി മെമ്പർമാരുടെ ഉത്തരവാദിത്വം എന്താണന്നോ അടുത്ത കാലം വരെ അറിഞ്ഞിരുന്നില്ല.

**ഇപ്പോൾ ഇതിന്റെ പ്രാധാന്യത്തെകുറിച്ച് എന്തറിയാം?**

**മോഹനൻ:** ഇപ്പോൾ ഞങ്ങൾക്ക് ആദിവാസികളുടെ അവകാശങ്ങൾ നിയമപരമായി തരുന്നതിന് വേണ്ടിയാണിതെന്ന് മനസ്സിലായിട്ടുണ്ട്. ഞങ്ങൾ കൈവശം വച്ചിരിക്കുന്ന ഭൂമിയിൽ ഉള്ള കൈവശാവകാശം കുറച്ച്പേർക്കൊക്കെ ഇതു പ്രകാരം കിട്ടിയിട്ടുണ്ട്.

**ഓരോരുത്തർക്കും എത്ര ഭൂമിയുണ്ട്? മറ്റ് അവകാശങ്ങളെക്കുറിച്ച് എന്തറിയാം?**

**ശെന്തിൽ:** 10- 20 സെന്റ് ഭൂമി മാത്രമേ ഞങ്ങൾ കൈവശം വയ്ക്കുന്നുള്ളൂ. വാഴച്ചാലിലും പറമ്പിക്കുളത്തും മറ്റും വീടിരിക്കുന്നത് 1.5 - 4 സെന്റ് സ്ഥലം മാത്രമായിരിക്കും. അത് പരമ്പരാഗതമായി വലിയ തോതിൽ കൃഷി ചെയ്ത് ജീവിക്കുന്നവരല്ല ഞങ്ങളെന്നത് കൊണ്ട് നിയമത്തിൽ പറയുന്നതനുസരിച്ചാണെങ്കിൽ (2005 വരെ കൈവശം വച്ചിരിക്കുന്ന ഭൂമി) ഈ പറഞ്ഞ തോതിൽ വളരെ കുറച്ച് ഭൂമി മാത്രമേ ഞങ്ങൾക്ക് കിട്ടുകയുള്ളൂ. എന്നാൽ അതിനേക്കാൾ പ്രധാനപ്പെട്ടത് പൊതു ഭൂമിയിലുള്ള അവകാശവും വനവിഭവങ്ങളുടെ മേലുള്ള അവകാശവും ഞങ്ങൾക്ക് വത്യമാകേണ്ടതുണ്ട്.

**ഇതുവരെ നടന്ന നടപടിക്രമങ്ങളെകുറിച്ച് വ്യക്തമാക്കാമോ?**

**മൈലാമണി, ശെന്തിൽ, മോഹനൻ:** ഞങ്ങൾ നേരത്തെ

പറഞ്ഞല്ലോ, വനാവകാശനിയമം നടപ്പിലാക്കേണ്ട ആദിവാസി വകുപ്പ് പെട്ടെന്ന് തന്നെ ഒരു ദിവസം തട്ടികൂട്ടി ഉണ്ടാക്കിയ വനാവകാശ കമ്മറ്റിയാണ് നിലവിലുള്ളത്. നാളിതുവരെ അവർക്ക് ഞങ്ങളുടെ പ്രാധാന്യമെന്തെന്നോ, എന്തിനു വേണ്ടിയാണിതെന്നോ അറിയുമായിരുന്നില്ല. കൊല്ലം 4 –5 കഴിഞ്ഞു. ഞങ്ങൾക്ക് ഉണ്ടായിരുന്ന ഭൂമിയുടെ കൈവശ രേഖ കുറച്ചു പേർക്കു തന്നു എന്നതല്ലാതെ ഒരു പുതുമയും ഇല്ല. കിട്ടിയതിനെല്ലാം തന്നെ മുമ്പേ പഴയ രേഖ ഉണ്ടായിരുന്നതാണ്. ഒന്നും ഇല്ലാത്ത കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഒന്നും ലഭിച്ചില്ല.

ഇത് ഞങ്ങളുടെ മാത്രം അവസ്ഥയല്ല. ഇതിനേക്കാൾ മോശമാണ് മറ്റ് ഊരുകളിലെ അവസ്ഥ. പലർക്കും ഇപ്പോഴും ഒന്നും അറിയില്ല. ഗവൺമെന്റ് ഇത് ഞങ്ങളെ മനസ്സിലാക്കിതരാനോ ശ്രമിച്ചിട്ടില്ല. ശ്രമിക്കുമെന്ന വിശ്വാസവുമില്ല. അടുത്തിടെ ഞങ്ങളുടെ തന്നെ ശ്രമഫലമായിട്ടാണ് ഇതൊക്കെ അറിയാന് കഴിഞ്ഞത്. ഗാഡ്ഗിൽ കമ്മറ്റി വാഴച്ചാലിൽ വന്നപ്പോൾ വനാവകാശ മെമ്പറായിരുന്ന ഗീതയ്ക്ക് പോലും അതെന്താണെന്ന് ചോദിച്ചപ്പോൾ അറിയില്ലായിരുന്നു. ഒരു വർഷം എത്രയോ മീറ്റിംഗുകൾ നടക്കുന്നു അതുപോലെയാണ് 2008 ലോ മറ്റോ നടന്നു. തുടർന്ന് ഒന്നും സംഭവിച്ചില്ല. പിന്നീട് ഇപ്പോഴാണ് മനസ്സിലായത് വനാവകാശം കമ്മറ്റി മെമ്പർമാരാണ് ഇതൊക്കെ നിരീക്ഷിക്കുന്നതിനും മറ്റ് ആളുകളെ സഹായിക്കുന്നതിനുമുള്ള നിയമപരമായ സാധ്യത ഉണ്ടെന്നുമൊക്കെ മനസ്സിലാക്കുന്നത്.

**വനാവകാശനിയമം നടപ്പിലാക്കേണ്ട ആദിവാസി വകുപ്പ് പെട്ടെന്ന് തന്നെ ഒരു ദിവസം തട്ടികൂട്ടി ഉണ്ടാക്കിയ വനാവകാശ കമ്മറ്റിയാണ് നിലവിലുള്ളത്. നാളിതുവരെ അവർക്ക് ഞങ്ങളുടെ പ്രാധാന്യമെന്തെന്നോ, എന്തിനു വേണ്ടിയാണിതെന്നോ അറിയുമായിരുന്നില്ല. കൊല്ലം നാലഞ്ച് കഴിഞ്ഞു. ഞങ്ങൾക്ക് ഉണ്ടായിരുന്ന ഭൂമിയുടെ കൈവശ രേഖ കുറച്ചു പേർക്കു തന്നു എന്നതല്ലാതെ ഒരു പുതുമയും ഇല്ല. കിട്ടിയതിനെല്ലാം തന്നെ മുമ്പേ പഴയ രേഖ ഉണ്ടായിരുന്നതാണ്. ഒന്നും ഇല്ലാത്ത കുടുംബങ്ങൾക്ക് വനാവകാശ നിയമപ്രകാരം ഒന്നും ലഭിച്ചില്ല.**

### വനവിഭവങ്ങളുടെ മേലുള്ള അവകാശം നിങ്ങൾക്ക് എന്തൊക്കെയാണ് ഉള്ളത്? അതിനുള്ള നടപടി ക്രമങ്ങൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടോ?

ഞങ്ങൾ പരമ്പരാഗതമായി തേൻ, തെള്ളി (കുന്തിരിക്കം), ഏലം, ചീവക്കായ്, മഞ്ഞകുവ്വ (കസ്തൂരി മഞ്ഞൾ) എന്നിവയും, മത്സ്യം പിടിച്ചുമാണ് ജീവിക്കുന്നത്. മറ്റുള്ള ആദിവാസികളെ പോലെയല്ല ഞങ്ങൾ, മുതുവാൻ, മലയർ എന്നിവർ വ്യാപകമായി കൃഷി ചെയ്യുന്നു. അവർ പണ്ട് ജീവിച്ചിരുന്ന ഭൂമി കപ്പായം, ഇടമലയാർ എല്ലാം ജനങ്ങളാൽ നിറഞ്ഞ് വനമില്ലാതായി. എന്നാൽ ഞങ്ങൾ പണ്ട് താമസിച്ചിരുന്ന സ്ഥലങ്ങളെല്ലാം ചണ്ടൻതോട്, അമ്പലപ്പാറ, ഇന്നും നിബിഡ വനങ്ങളാണ്. ഈ പ്രദേശങ്ങളിൽ നിന്നെല്ലാം ഞങ്ങൾ വനവിഭവങ്ങൾ ശേഖരിക്കുന്നുണ്ട്. എന്നാൽ അതിന് നിയമപരമായി പരിരക്ഷ കിട്ടുക എന്നത് ഞങ്ങളുടെ നിലനിൽപിന് വളരെ അത്യാവശ്യമാണ്. പ്രാക്തന ഗോത്രമായതുകൊണ്ടുതന്നെ ഞങ്ങൾ വനവിഭവങ്ങൾ ശേഖരിക്കുന്ന മേഖല ഞങ്ങളും പ്രത്യേകസാമൂഹിക വനവിഭവ ശേഖര മേഖലകളിലായി പ്രഖ്യാപിക്കണം എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപ്രകാരം അവിടത്തെ ഇടപെടലിനുള്ള പരമാധികാരം ഞങ്ങളുടെ ഊരുകൂട്ടത്തിനും ലഭ്യമാകും. കർണാടകയിലും മറ്റും പലർക്കും ഇത് ലഭ്യമായിട്ടുണ്ട്. ഞങ്ങൾക്കും അത് വേണമെന്ന ആവശ്യം ഉന്നയിക്കാൻ പോവുകയാണ്. ഗവൺമെന്റായിട്ട് ഇതൊന്നും ചെയ്ത് തരുമെന്ന് തോന്നുന്നില്ല.



മലക്കപ്പാറ ഊരുമൂപ്പൻ മൈലാമണി (വലത്)

### നിങ്ങൾ ആദ്യകാലത്ത് എവിടെയാണ് താമസിച്ചിരുന്നത്?

ഞങ്ങൾ പണ്ട് താമസിച്ചിരുന്നത് പ്രധാനമായും ഇന്ന് മലക്കപ്പാറ ഫോറസ്റ്റ് സ്റ്റേഷന്റെ പുതിയ ഇരിക്കുന്ന ചണ്ടൻതോട് എന്ന സ്ഥലത്താണ് അതിനു മുൻപ് അവിടെ താഴെ പുഴത്തീരത്തായിരുന്നു. 60–70 കളിൽ. അത് ഷോളയാർ അണക്കെട്ടിനടിയിലായി. കുറച്ച് പേർ പുഴയ്ക്കക്കരയും ഉണ്ടായിരുന്നു. കുറച്ച്പേർ ഇവിടെയും. ഏകദേശം 84-85 കളിലാണ് വനഭൂമി തന്നെയായ എന്നാൽ ടാടായുടെ തേയില തോട്ടത്തിനോടു ചേർന്ന ഭൂമി ഞങ്ങൾക്ക് തരികയും ഇവിടെ താമസമാക്കിയതും.

## ഈ മുഴുവൻ ഭൂമിയും നിങ്ങൾക്ക് തന്നിട്ടുണ്ടോ?

അന്ന് ആദിവാസി ക്ഷേമത്തിനായി മലക്കപ്പാറ ട്രൈബൽ സൊസൈറ്റി രൂപീകരിക്കുകയും ഞങ്ങളിൽ ചിലരെ ബോഡ് മെമ്പർമാരായി വച്ച് പുറത്ത് നിന്നുള്ളവരും, നേതാക്കന്മാരും, കളക്ടറും എംഎൽഎ.യും ഞങ്ങളുടെ ഭരണ സമിതിയിലേക്ക് ഈ സ്ഥലം കൊടുക്കുകയുമാണ് ചെയ്തത്. സൊസൈറ്റിയാണ് ഈ പെരുമ്പാറ കാപ്പി, ഏലം തോട്ടേത്തിന്റെ മേൽനോട്ടം എന്നാൽ ഇതുപരെ ഇവിടത്തെ എല്ലാ പണികളും ചെയ്യുന്നത് ഞങ്ങൾ തന്നെയാണ്.

## സൊസൈറ്റിയുടെ പ്രവർത്തനങ്ങളെ കുറിച്ച് വിശദമായി പറയാമോ?

ആദ്യം ഞങ്ങൾ ശേഖരിച്ചിരുന്ന വനവിഭവങ്ങൾ, തേൻ, തെള്ളി, ജാതിപത്രി, ചൂരൽ, മരമഞ്ഞൾ, മഞ്ഞകൂവ്വ, എന്നിവയെല്ലാം കോൺട്രാക്ടർമാരുടെ മാറ്റക്കടയിലാണ് കൊടുത്തിരുന്നത്. അരിസാധനങ്ങൾക്ക് പകരമായി ഇത് കൊടുക്കുമായിരുന്നു. മാനാടൻ അന്തോണി എന്ന കോൺട്രാക്ടറായിരുന്നു ഏറ്റവും അവസാനം 1970-775 വരെ ഉണ്ടായിരുന്നത്. ഇവിടെ ശോരികൽ എന്ന സ്ഥലത്തും അമ്പലപ്പാറ, ഷോളയാർ ഡാം ഇന്നിരിക്കുന്ന സ്ഥലത്തും കോൺട്രാക്ടറുടെ ഷെഡുകൾ ഉണ്ടായിരുന്നു. പിന്നീട് സൊസൈറ്റി വരികയും സൊസൈറ്റിയുലൂടെ മലഞ്ചരക്ക് (വനവിഭങ്ങൾ) കൊടുക്കാൻ തുടങ്ങി.

## പണ്ട് നിലനിന്നിരുന്ന ചൂഷണം, സൊസൈറ്റിയുടെ വരവ് എന്നിവ?

ആദിവാസിയേയും ആദിവാസികളുടെ വനത്തേയും ചൂഷണം ചെയ്യുക എന്നത് പണ്ട് മുതലെ ഉണ്ടായതാണ്. ആദ്യം മാറ്റക്കടയിലായിരുന്നപ്പോൾ കൃത്യം അളവൊന്നും ഞങ്ങൾക്കറിയില്ല. ഏതേതു സാധനങ്ങൾക്ക് ഏതേത് വില കൊടുക്കുണമെന്ന്. പണമായല്ല, അരിസാധനങ്ങളായാണ് തരിക. പിന്നീട് സൊസൈറ്റി വന്നപ്പോൾ മുതൽ കൂടുതൽ പണവും പിന്നീട് ബോണസും കിട്ടാൻ തുടങ്ങി. ഇപ്പോൾ അടുത്ത കാലത്താണ് മനസ്സിലായത് അതും ഞങ്ങളെ പറ്റിക്കുകയാണെന്ന്. 250-300 രൂപ കിട്ടുന്ന തേനിന് സൊസൈറ്റി ഞങ്ങൾക്ക് 90 രൂപ തരും. ഓണത്തിന് ബോണസ് തരുന്നത് ഇതിൽ നിന്ന് പിടിക്കുന്ന പണം കൊണ്ടാണ്. 300 രൂപ വരുന്ന പത്രിപൂവിന് (21/ജാതിപത്രി) 120 വരയെ ഉള്ളൂ. ആദ്യമൊക്കെ ഞങ്ങൾക്ക് അറിയില്ലായിരുന്നു. പിന്നീട് വിഎസ്എസ് (വനസംരക്ഷണ സമിതി) വന്നപ്പോഴും ഞങ്ങളുടെ ആൾക്കാർ കടകളിലേക്ക് (ചാലക്കുടി) പോയപ്പോഴാണ് മനസ്സിലായത് ഇത്രയൊക്കെ കാശ് കിട്ടുമെന്ന്. അതുകാരണം കഴിഞ്ഞ വർഷം ആൾക്കാരൊക്കെ ചാലക്കുടിയിൽ കൊണ്ടു കൊടുത്തു.

ഇവിടെയെല്ലാം ഞങ്ങളെ പറ്റിക്കാറുണ്ട്. സൊസൈറ്റിയിലെ തെള്ളി (കുന്തിരിക്കം) പലപ്പോഴും ശരിയായ തുക തരില്ല. ചിലപ്പോൾ പൊടിയാണെന്ന് പറഞ്ഞ് രണ്ടാം തരമായി വില തരികയേ ഉള്ളൂ.അതു കാരണം ഞങ്ങടെ ആൾക്കാരും അതിനനുസരിച്ച് നല്ലതല്ലാത്ത മരം ചേർത്ത് ചെത്തികൊടുക്കാൻ തുടങ്ങി. നല്ലതായാലും രണ്ടാം തരമായാലും പൈസകുറവേ കിട്ടുന്നുള്ളു. മറ്റുള്ള കടക്കാരും ഇതു തന്നെ ചെയ്യും ചാലക്കുടിയിൽ ഇന്ന് വില കിട്ടിയിലെങ്കിൽ നാളെ അവർ പറ്റിക്കും. ഇപ്പോൾ തന്നെ അറിയാത്ത ആൾക്കാർ ചെല്ലുമ്പോൾ അവർ തൂക്കം പറ്റിക്കും. അറിയുന്നവർക്ക് കൃത്യമായിട്ട് കൊടുക്കും. ഞാൻ കണ്ടിട്ടുണ്ട് (മോഹനൻ) ഇനി മുൻകൂട്ടി മദ്യം കൊടുക്കാനും തുടങ്ങി. പിന്നീട് അത് വലിയ പറ്റിക്കലായി (ചൂഷണം) മാറുന്നു.

## അമിത മദ്യപാനം ആൾക്കാരിൽ അങ്ങനെ തുടങ്ങിയതാണോ?

(ചിരിക്കുന്നു), ശരിയാണ്, പണ്ട് മാറ്റക്കടയായപ്പോൾ മുതൽ തുടങ്ങിയത് വലിയ കന്നാസിൽ ചാരായം ഉണ്ടാക്ക് വച്ചിരുന്നതാണ്. ഇഷ്ടം പോലെ കുടിക്കാൻ തരും. അവിടെ തുടങ്ങി മരം വെട്ടാനും കൂപ്പ് വെട്ടാനും കോൺട്രാക്ടർമാർ, ഡാം പണിയാൻ വന്നവർ, ഗമൺമെന്റ് ആപ്പീസർമാർ, എല്ലാവരും കുടിക്കാൻ തരും. മിക്കവാറും പല സ്ഥലത്തും ടൂറിസ്റ്റുകൾ ഇതു തന്നെ തന്നാണ് ഞങ്ങളെയൊക്കെ പറ്റിച്ചിരുന്നത്. (നിങ്ങളായിരിക്കും അത് ചെയ്യാത്തത്) പണ്ട് വിശേഷ ആവശ്യങ്ങൾക്കും ഉത്സവങ്ങൾക്കും ഒക്കെ കുടിക്കാറുണ്ട്. ഇപ്പോൾ ഞങ്ങൾടെ ആൾക്കാർ നശിക്കുന്നതിന്റെ പ്രധാന കാരണം അതാണ്. പുളിയിലപ്പാറയിൽ ചെന്നാൽ കാണാം. എപ്പോ വേണമെങ്കിലും മദ്യം കിട്ടും ഞങ്ങളോട് ആൾക്കാരെ കൊണ്ട് വാങ്ങിച്ച് ഞങ്ങൾക്ക് തന്നെ 3,4 ഇരട്ടി വിലക്ക് വിൽക്കും. കുപ്പി കിട്ടിയാൽ പിന്നെ തേനിന്റെ അളവ്, തൂക്കം ഒന്നും ഇല്ല. എല്ലാം സുഖം.

## നിങ്ങൾ ഈ ചൂഷണത്തിനെതിരായി എന്തെങ്കിലും ചെയ്യുന്നുണ്ടോ?

ആഗ്രഹമുണ്ട്. ഞങ്ങൾക്കാവുന്ന രീതിയിൽ ശ്രമിക്കുന്നുണ്ട്. വേഴാമ്പൽ പണിക്ക് പോയി തുടങ്ങിയതിനു ശേഷം ഞങ്ങൾ പലരും മദ്യപാനം ഉപേക്ഷിച്ചു. അതുകൊണ്ടാണ് കാര്യങ്ങൾ തിരിച്ചറിയാൻ കഴിയുന്നത്. ഞങ്ങൾ മറ്റുള്ളവരെ ബോധ്യപ്പെടുത്തുന്നത് വി.എസ്.എസ്. വന്നതിനു ശേഷമാണ് ഞങ്ങൾ ഒന്നിച്ചിരിക്കാൻ തുടങ്ങിയത്. അത് തുടരും ഊരുകൂട്ടം ശക്തിപ്പെടുത്തണം. ഞങ്ങളേക്കാൾ പ്രശ്നമാണ് മറ്റുള്ള ഊരുകൂട്ടത്തിലെ അവസ്ഥ. ടൂറിസവും മറ്റ് ഉത്സവമായാലും അധിക കൂട്ടരും മദ്യപാനത്തിലേക്കും കൂട്ടായ്മ ഇല്ലാത്തലിലേക്കും പോകുകയാണ്. മലക്കപ്പാറയിൽ തന്നെ മദ്യവില്പനയും അരിഷ്ടം വില്പനയും ഞങ്ങൾ കഷ്ടപ്പെട്ടാണ് ഇല്ലാതാക്കിയത്.

## വനവിഭങ്ങൾ സൊസൈറ്റിയിൽ നിന്ന് അവർ പുറത്ത് കൊടുക്കുമെന്ന് പറഞ്ഞല്ലോ അതൊരു ചൂഷണനിലയിലേക്ക് എത്തുമെന്ന് നിങ്ങൾ തന്നെ പറഞ്ഞു. അതിൽ എന്തെങ്കിലും മാറ്റം ഉണ്ടായിട്ടുണ്ടോ?

ശരിക്കും വി എസ് എസ് തന്നെ തേൻ, തെള്ളി, ശേഖരിക്കണം ഞങ്ങൾ തന്നെ കമ്മറ്റിയിലുള്ളവരായി കണക്ക് വച്ച് കൊടുത്താൽ തൂക്കം പറ്റിക്കാൻ കഴിയില്ല. ശരിയായ വില ലഭിച്ചാൽ വനവിഭവങ്ങൾ നശിക്കുന്നതും ഒഴിവാക്കാൻ കഴിയും. ഞങ്ങൾ ഇവിടെ ദിവസം മീൻ ശേഖരിക്കുന്നത് പോലെ. ഇപ്പോൾ പുഴയിലെ മീൻ പിടിക്കുന്നത് മുഴുവൻ ഇവിടെ വരും. ഞങ്ങളുടെ ഒരു കമ്മറ്റി തൂക്കം നോക്കി ബില്ലെഴുതി പണം കൊടുക്കും. ഇപ്പോൾ 50 രൂപയ്ക്ക് പകരം ശരിയായ 75 രൂപകൊടുക്കുനും ശരിയായ തൂക്കം ലഭിക്കു



വനവിഭവങ്ങൾ ശേഖരിക്കാൻ പോകുന്ന കാടർ സംഘം

ന്നതിനും സാധിക്കുന്നുണ്ട് . അതോടൊപ്പം പുറത്ത് കൊടുക്കാൻ കഴിയില്ല. നിയമ വിരുദ്ധമായ മീൻ പിടുത്തം കുറഞ്ഞു. പിന്നെ ഞങ്ങടെ ആൾക്കാർ എല്ലാവരും ശ്രദ്ധിക്കാൻ തുടങ്ങി. പുറത്തു നിന്നുള്ളു ചൂഷണവും കുറഞ്ഞു കുറച്ച് പൈസ സ്വരൂപിക്കാൻ കഴിഞ്ഞു. ഇനി ബോണസും കൊടുക്കാൻ കഴിയും.

ഇതുപോലെ തന്നെ വനവിഭവ ശേഖരണത്തിന് വി.എസ്.എസ് സമിതിയുണ്ടാക്കി ചെയ്യാം. പക്ഷേ ഏകദേശം ഒരു കണക്കെടുത്ത് ഇവിടെ (ഓരോ ഊരിലും) വരുന്ന വനവിഭവങ്ങൾ കണക്കാക്കി പൈസ കുറച്ച് കരുതി വയ്ക്കണം, ബില്ലെഴുതി കൊണ്ടു വരുമ്പോൾ തന്നെ പൈസകൊടുക്കണം അല്ലെങ്കിൽ ആളുകൾ അനുസരിക്കില്ല. ബാക്കി മാർക്കറ്റ് വിലകയറ്റത്തിനനുസരിച്ച് പിന്നീട് നൽകാം ബോണസും നൽകാം അതിനുള്ള സംവിധാനം ചെയ്യണം. അതിനുശേഷം പുറത്തുള്ള വിൽപന നിരോധിക്കാം. അല്ലാത്ത പക്ഷം പ്രശ്നങ്ങളുണ്ടാകും. എന്നായാലും പകുതിവിലയ്ക്ക് സൊസൈറ്റിയിൽ കൊടുക്കില്ല ഇത്രകാലമായിട്ടും. എല്ലാ വർഷവും കണക്കെടുക്കുന്നവർ സൊസൈറ്റി നഷ്ടത്തിലാണെന്ന് പറയുന്നത്. അതി തുടർന്ന് പോകാൻ കഴിയുമെന്ന് തോന്നുന്നില്ല.

**വനാവകാശ നിയമത്തേകുറിച്ചാണല്ലോ പറഞ്ഞു വന്നത്. അതുമായി ബന്ധപ്പെടുത്താമോ?**

പ്രശ്നങ്ങൾ പലതുമുണ്ടായാലും ഞങ്ങൾക്ക് ഇന്ന് പല കാര്യങ്ങളുടേയും യാഥാർത്ഥ്യം അറിയാം കാടും പുഴയും ഉള്ളതുകൊണ്ടാണ് ഞങ്ങൾ പട്ടിണി കൂടാതെ ജീവിക്കുന്നത്. അത് നശിപ്പിക്കുന്ന ഒരു പ്രവർത്തനത്തിനും ഞങ്ങൾ കൂട്ട് നിൽക്കില്ല. അതോടൊപ്പം ഞങ്ങൾക്കും അവകാശങ്ങൾ ലഭ്യമാകണം ചൂഷണത്തിൽ നിന്ന് രക്ഷപ്പെടണം. ഊരുകൂട്ടം, വി.എസ്.എസ് എന്നിവ ശക്തിപ്പെടണം. വനാവകാശ നിയമപ്രകാരം ഞങ്ങളുടെ പ്രത്യേക പ്രാക്തന ഗോത്രവർഗങ്ങളുടെ ഊരുകൂട്ടത്തിന് പഞ്ചായത്തിന്റെ ശക്തിയുണ്ട്. അത് സാധ്യമാകണമെങ്കിൽ കുറേ ദൂരം മുന്നോട്ട് പോകണം. പ്രവർത്തനങ്ങൾ വേണം. ഉദാഹരണമായി വനവിഭവങ്ങൾ ശേഖരിക്കുന്നതിനുള്ള പരമ്പരാവകാശവും അവ സ്വതന്ത്രമായി വിൽക്കുന്നതിനുള്ള അവകാശവും കിട്ടണം. എന്നാൽ കുറഞ്ഞ രീതിയിൽ പുറത്തു വിൽക്കാൻ പോയാൽ ചൂഷണത്തിനും വനവിഭവങ്ങളുടെ തകർച്ചയിലും എത്തും. സൊസൈറ്റി സ്വയം ഒരു ചൂഷണ വ്യവസ്ഥയായി മാറിയതിനാൽ അതിന് അധികം വില നൽകാൻ കഴിയില്ല. സൊസൈറ്റിയിൽ ആദിവാസികളേക്കാൾ മറ്റ് ആൾക്കാർ ആണ്. അത്കൊണ്ടുതന്നെ അധിക ശമ്പളവും, വണ്ടിയോ ന്നതിനുള്ള ചിവലും ആണ് ഇപ്പോൾ അവരുടെ പ്രശ്നം. അതുകൊണ്ട് അതിന് ന്യായവില ലഭിക്കില്ല. ആകെയുള്ളത് വനസംരക്ഷണസമിതി ഇത് ഞങ്ങളുടെ ആളുകളുടെ താല്പര്യപ്രകാരം ചെയ്യുക എന്നതാണ്. അപ്പോൾ ന്യായ വിലയും സംരക്ഷണവും സാധ്യമാകും ഞങ്ങളെപ്പോലെ സംസരാക്കാനറിയില്ലെകിലും ചാലക്കുടിയിലേകുള്ള വഴിയും കടകളും ആൾക്കാർക്കറിയാം .അതുകൊണ്ട് കഴിഞ്ഞ വർഷത്തെപോലെ അവർ ചാലക്കുടിയിൽ വനവിഭവങ്ങൾ കൊടുക്കുകയും ഇവിടെ ന്യായവില നൽകാതെ അത് തടഞ്ഞാൽ ഇന്ന് നിലനിൽക്കുന്ന സമാധാനം ഇല്ലാതാകും പൂർണമായില്ലാതാക്കാൻ കഴിയികയുമില്ല. അതുകൊണ്ട് തന്നെ ഓരോ വി.എസ്.എസ് ഉം പ്രാദേശികമായ കണക്കെടുക്കൽ നടത്തി. സമിതിയെ നിശ്ചയിച്ച് ആവശ്യത്തിന് പണം സ്വരുകൂട്ടി വനവിഭവ ശേഖരണം നടത്തേണ്ടത്. അത്യാവശ്യമാണ് ഞങ്ങൾ നിവേദനം കൊടുക്കുന്നുണ്ട്.

**വനാവകാശ നിയമം നടപ്പിലാക്കാൻ നിങ്ങളുടെ നിർദ്ദേശങ്ങൾ?**

നിയമം നടപ്പിലാക്കേണ്ടത് സർക്കാരാണ്, (ട്രൈബൽ ഡിപ്പാർട്ട്മെന്റ്). അത് എങ്ങനെയാണെന്ന് നാം കാണുന്നതാണ്. വ്യക്തിപരമായ ഭൂമിക്കപ്പുറം പെതുഭൂമിയും വനവിഭവങ്ങളുടെ മേലുള്ള അവകാശവും കൃഷി ചെയ്യാതെ ജീവിക്കുന്ന പ്രാക്തന വർഗ്ഗമായതുകൊണ്ട് ഞങ്ങൾക്ക് പ്രധാനപ്പെട്ടതാണ്. വാഴച്ചാൽ ഫോറസ്റ്റ് ഡിവിഷൻ കാടരുടെ പൊതുവനവിഭവ മേഖല ആയി പ്രഖ്യാപിക്കണമെന്നാണ് ഞങ്ങളുടെ ആവശ്യം. സർക്കാർ മുൻകൈയെടുക്കില്ലാന്നറിയാം എന്നാലും ഞങ്ങളുടെ ശ്രമം തുടരും അത് ചെയ്താൽ മാത്രമേ ഇനി ഒരുനാശം നാടിനു ഞങ്ങൾക്കും ഇല്ലാതിരിക്കാൻ കഴിയുകയുള്ളൂ.

*(പ്രാക്തന ഗോത്രവർഗ്ഗങ്ങളുടെ പൊതുവനവിഭവ മേഖല ആയി പ്രഖ്യാപിച്ച് കഴിഞ്ഞാൽ, അല്ലെങ്കിൽ അത്തരം മേഖലകളിൽ വൻകിട വികസന പ്രവർത്തനങ്ങൾക്കും കുടിയൊഴിപ്പിക്കലിനുമുള്ള വിവേചനാധികാരം അവരുടെ ഊരു കൂട്ടങ്ങൾക്ക് ആയിരിക്കും).*